**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** | **24-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം- റെയിൽ കണക്റ്റിവിറ്റി അലൈൻമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി അലൈൻമെന്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിർദ്ദിഷ്ട റെയിൽ കണക്റ്റിവിറ്റി അലൈന്മെന്റിന്റെ സാധ്യതാപഠനത്തിനു കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ നിയമിക്കുകയും, അവർ തയ്യാറാക്കിയ ഭൂഗർഭ റെയിൽ പാതയുടെ ഡി.പി.ആർ (DPR) 04/05/2019-ൽ ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിക്കുകയും റെയിൽവേയുടെ അംഗീകാരം 16/03/2023- ൽ ലഭിക്കുകയുമുണ്ടായി. തുടർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷൻ ആയ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മറ്റി (PIC) അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | നിർദിഷ്ട ഭൂഗർഭ റെയിൽപാത വഴി ബാലരാമപുരം സ്റ്റേഷനും തുറമുഖവുമായി ബന്ധിപ്പിക്കുന്നതിനു ബാലരാമപുരം, അതിയന്നൂർ, പള്ളിച്ചൽ, വിഴിഞ്ഞം എന്നീ നാലു വില്ലേജു കളിലായി ആകെ 5.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നു. ഇതിൽ ബാലരാമപുരം, അതിയന്നൂർ, പള്ളിച്ചൽ വില്ലേജുകളിൽ ഉൾപ്പെട്ട 4.697 ഹെക്ടർ സ്ഥലത്തിന്റെ സോഷ്യൽ ഇംപാക്റ്റ് സ്റ്റഡി 13/04/2023-ൽ പൂർത്തീകരിക്കുകയും, 11(1) നോട്ടിഫിക്കേഷൻ 11/07/2023-ൽ പ്രസിദ്ധപ്പെടുത്തു കയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞത്തു വരുന്ന 0.83 ഹെക്ടർ സ്ഥലത്തിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും, സോഷ്യൽ ഇംപാക്റ്റ് സ്റ്റഡി നടന്നു വരുകയും ചെയ്യുന്നു. സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെൻഡർ നടപടികൾ പൂർത്തീകരി ക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കും. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി നിർമാണം കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് കൊങ്കൺ റെയിൽ കോർപറേഷനു മായി 20/02/2018-ൽ ഒരു |

| | | | |
|---|---|---|---|
| | | | ധാരണാ പത്രം ഒപ്പുവെയ്ക്കുകയും, തുടർന്ന് KRCL പദ്ധതിയുടെ DPR തയ്യാറാക്കുകയും, മറ്റ് പ്രീ-എഞ്ചിനീയറിംഗ് പ്രവർത്തികൾ നടത്തുകയുമുണ്ടായി. നിലവിൽ കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന് 10 കോടി 46 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ